(സി) അവരുടെ പര്യടനംകൊണ്ട് ഈ സംസ്ഥാനത്തിന് വല്ല ഗുണവും സിദ്ധിച്ചിട്ടുണ്ടോ;

(ഡി) ഇനി ആരെങ്കിലും വിദേശ പര്യടനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ, ബി) മുഖ്യമന്ത്രിയും നിയമവകുപ്പുമന്ത്രിയും സ്വന്തം നിലയിൽ വിദേശപര്യടനം നടത്തിയിട്ടുണ്ട്. നിയമസഭാമെമ്പറന്മാരിൽ എത്രപേർ വിദേശപര്യടനം നടത്തിയിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റ് ശേഖരിച്ചിട്ടില്ല.

(സി, ഡി) ഗവണ്മെന്റിനറിവില്ല.

പോർട്ടറന്മാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ.

* 1665. [8] ശ്രീ. എൻ. ശിവൻപിള്ള: തരംഴ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിലെ പോർട്ടറന്മാരെ ഗവണ്മെന്റ് ജീവനക്കാരായി പരിഗണിച്ചിട്ടുണ്ടോ;

(ബി) പോർട്ടറന്മാർക്ക് ഗവണ്മെന്റ് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്?

ശതാശതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) പാർസലുകൾ, മെയിൽ ബാഗുകൾ, ലഗ്ഗേജുകൾ ഇവയുടെ നിശ്ചിതകൂലി വാങ്ങുന്നതിനും പുറമെ ജോലിക്ക വരുന്നതിന് സൗജന്യയാത്രാസൗകര്യം, ഡിപ്പാർട്ടുമെന്റിലെ ഓസ്റ്റർഡ് പോസ്റ്റിലേയ്ക്ക് നിയമിക്കപ്പെടുവാൻ അപേക്ഷിക്കുന്നതിനുള്ള സൗകര്യം, വക്കേഷൻസ് കാമ്പൻസേഷൻ അക്കൗണ്ടിന്റെ ആനുകൂല്യം ഇവയും നൽകുന്നുണ്ട്.

ശ്രീ. എൻ. ശിവൻപിള്ള: ഇവരെ ഗവണ്മെന്റ് ജീവനക്കാരായി എടുക്കുന്നതിന് വല്ല സാങ്കേതിക തടസ്സവുമുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഇപ്പോഴവരെ, ഇവരെ ഗവണ്മെന്റ് ജീവനക്കാരായിട്ടല്ല ഗവണ്മെന്റ് ലൈസൻസികളായിട്ട് മാത്രമാണ് വച്ചിരുന്നത്. അതിൽ കുറേപ്പേരെ ഗവണ്മെന്റ് ജീവനക്കാരായി എടുക്കുന്നതാണ്.

ശ്രീ. എൻ. ശിവൻപിള്ള: ട്രാൻസ്പോർട്ടിൽ ഇപ്പോൾ പോർട്ടറന്മാരിലുള്ളവരിൽ സീനിയറന്മാരെ എടുക്കണമെന്നുള്ള കാര്യം പരിഗണിക്കുമോ?

ശ്രീ. ടി. വി. തോമസ്: അവർക്ക് പരിഗണന കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി: ഏതു പരിഗണനയിലാണ് കുറേപ്പേരെ എടുക്കണമെന്ന് തീരുമാനിച്ചത്?

ശ്രീ. ടി. വി. തോമസ്: മെയിൽ സർവ്വീസ് നടത്തുന്നതിനു വേണ്ടി വരുന്ന അത്യാവശ്യംപോലെ ഇവരിൽനിന്നും എടുക്കുന്നതിന്. അവരെ ലാസ്റ്റ് ഗ്രേഡ് ഉദ്യോഗസ്ഥന്മാരായി എടുക്കാൻ തീരുമാനിച്ചു.

ശ്രീ. കെ. എം. ജോർജ്ജ്: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഇങ്ങനെ എത്ര പോർട്ടറന്മാർ ഉണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: മുന്നറിപേരാളം കാണും.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇനും അവക്ക കൊടുത്തുവരുന്ന പ്രതിഫലം എന്താണ്?

ശ്രീ. ടി. വി. തോമസ്: മെയിൽ ബാഗുകളും എടുക്കുന്നതിനും പീസ് റേറ്റ് സിസ്റ്റമാണ്. പാസഞ്ചേഴ്സിന്റെ ലഗ്ഗേജ് എടുക്കുന്നതിനും ഒരു നിരക്ക വച്ചിട്ടുണ്ട്. അതാണ് അവരുടെ വരുമാനം.

കേരളനിയമസഭയിൽ നടന്ന പ്രകടനം.

* 1666. [10] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിൽ കയറി, അടുത്ത കാലത്തു പ്രകടനം നടത്തിയതിനു എത്ര പ്രകടനക്കാരെ അറസ്റ്റ ചെയ്തു;

(ബി) ഇവരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തോ;

(സി) പ്രതികൾ കുറ്റം സമ്മതിച്ചോ; അതോ തർക്കിക്കുകയാണോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം എസ്. നമ്പൂതിരിപ്പാട്):

(എ) 34.

(ബി) ഉവ്വ്.

(സി) വിസ്താരം ആരംഭിച്ചിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: ഇതിൽ എല്ലാ പ്രതികളെ സംബന്ധിച്ചും വിസ്താരം നടത്താൻ പോകുന്നുവെന്നാണോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: വിസ്താരം ആരംഭിച്ചിട്ടില്ല എന്നു പറഞ്ഞു.

ശ്രീ പി. ആർ. ഫ്രാൻസിസ്: ഈ പ്രതികൾക്ക് സ്പീക്കർ വല്ല ഉറപ്പും കൊടുത്തിട്ടുണ്ടോ?

മി. സ്പീക്കർ: ആർഡർ, ആർഡർ. സ്പീക്കർ ചോദ്യത്തിനു ഉത്തരം പറയാൻ ഇരിക്കുകയല്ല.

ബോട്ടിടിച്ചു കർഷകത്തൊഴിലാളികൾ മുങ്ങിമരിച്ച സംഭവം.

* 1667. [12] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഓൺസ്പോർട്ട വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) വാട്ടർ ഓൺസ്പോർട്ടവക എക്സ്പ്രസ്സ് ബോട്ടിടിച്ചു ചിത്തിര കായലിന്റെ തെക്കുവശത്തുള്ള ആറിൽ അഞ്ചു കർഷകത്തൊഴിലാളികൾ മുങ്ങി മരിച്ച വിവരം ഗവണ്മെന്റിനറിയാമോ;

(ബി) ബോട്ടുകാരുടെ അശ്രദ്ധയും, ബോട്ടിന്റെ അനിയന്ത്രിതമായ വേഗതയുമായിരുന്നു ഈ അത്യാഹിതത്തിനു കാരണമെന്നു സർക്കാരിനു അറിയാമോ;

(സി) മരിച്ച കർഷകത്തൊഴിലാളികളുടെ സംസ്കാരം തുടങ്ങിയ വകയ്ക്കായി ഗവണ്മെന്റോ, വാട്ടർ ഓൺസ്പോർട്ട കോർപ്പറേഷനോ എന്തെങ്കിലും സഹായസഹകരണങ്ങൾ നൽകിയോ;

LIBRARY ARCHIVES Kerala Legislative Assembly